

## വികാരിയിൽ നിന്ന്



### ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രിയരെ

കൊതിതീരെ അന്തിയുറങ്ങാൻ കഴിഞ്ഞിട്ടില്ലാത്ത ഇടങ്ങളെയും വീണ്ടും കയറിച്ചെല്ലാൻ തോന്നുന്ന സ്ഥലങ്ങളെയും നാം വീട് എന്നല്ലാതെ പിന്നെ എന്താണ് വിളിക്കുന്നത്. House ന്റെയും Home ന്റെയും അർത്ഥം ചോദിക്കുന്ന അദ്ധ്യാപകൻ ഇപ്രകാരം വിശദീകരിക്കുന്നുണ്ട് House എന്നാൽ ശരീരം, ഒരു ചട്ടക്കൂട് മാത്രമാണ്, Home എന്നാൽ ആത്മാവും അന്തസ്സത്തയുമാണ്. പക്ഷെ രണ്ടിനെയും, നമ്മൾ വീട് എന്ന് വിളി ക്കുന്നു എന്നേയുള്ളൂ. ആത്മാർത്ഥമായ ഒരു വിശകലനം നാം നടത്തേ ണ്ടിയിരിക്കുന്നു. വീട് എന്ന് പറയുന്നത് ആത്മാവോ അതോ ശരീരം മാത്രമോ?.

ഇരുനില വീടിന്റെ മനോഹാരിതയിലും തണൽ ലഭിക്കാതിരുന്ന ഒരുവനും, കയറിക്കിടക്കുവാൻ മേൽക്കൂരയുടെ മേലാപ്പ് ഇല്ലാതിരുന്നി ട്ടും സ്നേഹത്തിന്റെ സമൃദ്ധി കൈമോശം വരാത്ത മറ്റൊരുവനും പര സ്പരം ചോദിച്ചു. സ്നേഹിതാ, വീട് നിനക്കെന്താണ്? നിനക്ക് ഹൃദയ പൂർവ്വം മറ്റുള്ളവരോട് ചിരിക്കാൻ കഴിയുന്നില്ലെങ്കിൽ, നിനക്ക് ആരെയും അകമഴിഞ്ഞു സ്നേഹിക്കാൻ കഴിയുന്നില്ലെങ്കിൽ, തോളത്ത് കൈ ചേർ ത്ത് നടന്നു നീങ്ങാൻ ജീവിതത്തിൽ നിനക്കൊരു സ്നേഹിതൻ പോലു മില്ലെങ്കിൽ, മറ്റുള്ളവരുടെ കുറ്റങ്ങളും കുറവുകളും മാത്രമുള്ളവരായി കാണുവാനും, അവരെ അതിന്റെ പേരിൽ പരിഹസിക്കാനുമാണ് നിനക്ക് താൽപര്യമെങ്കിൽ, സ്നേഹിതാ വീട് നിനക്കെന്തെന്നും, എന്താണ് വീട് നിനക്ക് നൽകിയതെന്നും, നിനക്ക് വീടിനു മടക്കി നൽകാൻ എന്താ ണുള്ളതെന്നും ഗൗരവമായി ചിന്തിക്കണം. നമ്മുടെ ജീവിതം മറ്റുള്ളവർ ക്ക് അവകാശപ്പെട്ടതാണന്നുള്ള സത്യം നാം പലപ്പോഴും മറന്നു പോകാ റുണ്ട്. യെഹസ്കേൽ പ്രവാചകന്റെ പുസ്തകം ഇപ്രകാരം പറയുന്നുണ്ട്. “മനുഷ്യ പുത്രാ ഞാൻ നിന്നെ യിസ്രായേൽ ഗ്രഹത്തിന് കാവൽക്കാര നാക്കി വച്ചിരിക്കുന്നു.” മറ്റുള്ളവരുടെ സുരക്ഷിതത്വവും അവരോടുള്ള നമ്മുടെ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കാനാവാതെ നമുക്ക് ദൈവത്തെ എങ്ങനെ സ്വീകരിക്കാനാവും?. ഇടവക നമുക്ക് ഒരു ചട്ടക്കൂട് മാത്രമായി പലപ്പോഴും പരിണമിക്കാറുണ്ട്. ഇടവകയുടെ ആത്മാവ് നഷ്ടപ്പെട്ട് പോയോ? സ്നേഹവും കരുതലും കൂട്ടായ്മയും നഷ്ടപ്പെട്ട് പോയെങ്കിൽ വെറും ഒരു ചട്ടക്കൂട് മാത്രമായി ഇടവക അവശേഷിക്കും. ജീവനും ആത്മാവും അന്യമായ അവസ്ഥയിലാണോ ബഹ്റിൻ സെന്റ് പോൾസ് മാർത്തോമ്മാ ഇടവക. ഒരു സ്വയ വിചിന്തനത്തിന് തയ്യാറായാൽ, ആത്മാ വ് നഷ്ടപ്പെട്ടു എന്ന് നമുക്ക് തോന്നിയാൽ, ഒരു മടങ്ങി വരവ് തീർച്ചയാ യും അനിവാര്യമാണ്. പുതിയ വർഷത്തിൽ നഷ്ടപ്പെട്ടത് തിരികെ പിടിക്കുവനുള്ള ഒരു ആവേശം ഇടവകയായി ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ വി.ബി.എസ്സ് 2019 സെപ്റ്റംബർ 7 തീയതി മുതൽ 13 തീയതി വരെ നടത്തുവാൻ ക്രമീകരണങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. നമുക്ക് ഇല്ലാത്തത് നമ്മുടെ കുഞ്ഞുങ്ങൾക്ക് കൈമാറുവാൻ കഴിയുകയില്ല. ഒരു കുഞ്ഞിനെയെങ്കിലും യേശു ക്രിസ്തുവുമായി ബന്ധിപ്പിക്കുവാൻ കഴിഞ്ഞാൽ നമ്മുടെ വി.ബി എസ്സ് അർത്ഥ പൂർണ്ണമാകും. അതിനുവേണ്ടി അക്ഷീണം പ്രവർത്തിക്കുന്ന എല്ലാവരെയും അഭിനന്ദിക്കുന്നു. മാതാപിതാക്കൾ കുഞ്ഞുങ്ങളെ വി.ബി.എസ്സിന് പങ്കെടുപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കണം. കുഞ്ഞുങ്ങൾക്ക് നല്ല നേതൃത്വം കൊടുക്കുവാൻ അദ്ധ്യാപകരും വോളണ്ടിയെഴ്സും നമുക്ക് ആവശ്യമാണ്. ഉത്സാഹത്തോടെ, പ്രാർത്ഥനയോടെ നമ്മുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സെപ്റ്റംബർ 6 -ാം തീയതി വെള്ളിയാഴ്ച്ച സേവികാസംഘ ദിനമായി നാം സഭയായി ആചരിക്കുന്നു. സ്ത്രീകൾ ദൈവരാജ്യ ശുശ്രൂഷയിൽ പങ്കാളികൾ എന്നതാണ് നാം സഭയായി ചിന്തിക്കുന്നത്. യേശു ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന ചരിത്ര സത്യം, പറയാൻ മറിയക്കാണ് ഭാഗ്യം ഉണ്ടായത്

സെപ്റ്റംബർ 13 -ാം തീയതി വെള്ളിയാഴ്ച്ച സഭയായി വയോജന ദിനമായി കൊണ്ടാടുന്നു. ശലോമോൻ, സദൃശ്യവാക്യത്തിൽ ഇപ്രകാരം പറയുന്നുണ്ട് “നരച്ച തല ശോഭയുള്ള കിരീടം.” നമ്മുടെ മുതിർന്ന തലമുറയെ ആദരിക്കുവാനും ബഹുമാനിക്കുവാനും കടപ്പെട്ടവരാണ് നാം എന്ന് അനുസ്മരിപ്പിക്കട്ടെ.

സെപ്റ്റംബർ 20-ാം തീയതി വെള്ളിയാഴ്ച്ച “കുമ്പസാരം” പാപക്ഷമയുടെ കൂദാശ എന്നതാണ് നാം ചിന്തിക്കുന്നത്. സമർപ്പിതരുടെ വീഴ്ചമൂലം, കുമ്പസാരത്തിന്റെ അർത്ഥവും, മൂല്യവും ഇന്ന് ചോദ്യം ചെയ്യപ്പെടുന്നു. പാപക്ഷമ കർത്താവിൽ നിന്ന് പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

സെപ്റ്റംബർ 27 -ാം തീയതി “തൈലാഭിഷേകം” സൗഖ്യദായക കൂദാശ എന്നത് നാം ചിന്തിക്കുന്നു.രോഗികൾക്ക് വേണ്ടി എണ്ണ പൂശി പ്രാർത്ഥിക്കുവാൻ യാക്കോബ് അപ്പോസ്തലൻ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. സൗഖ്യദായക ശുശ്രുഷ അതിന്റെ അർത്ഥവും മാനങ്ങളും മനസ്സിലാക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

കുറിപ്പ് വീടിനെക്കുറിച്ച് പറഞ്ഞാണല്ലോ ആരംഭിച്ചത്. അവസാനിപ്പിക്കുന്നതും വീടിനെക്കുറിച്ച് തന്നെയാകട്ടെ എന്ന് കരുതുന്നു. “വീടിനു അമ്മയുടെ അവസാനിക്കാത്ത സ്നേഹമുണ്ടായിരിക്കണം. അച്ഛന്റെ ഉള്ളു തുറന്നു കാണിക്കാത്ത സ്നേഹമുണ്ടായിരിക്കണം. കൂടപ്പിറപ്പുകളുടെ സൗഹൃദമുണ്ടായിരിക്കണം. അങ്ങനെയുള്ള വീടിന്റെ വിളിയെ എങ്ങനെയാണു പ്രതിരോധിക്കനാവുന്നത്.” ആ വിളിക്ക് കാതു കൊടുക്കുക. അത് നമ്മെ കൊണ്ടു പോകട്ടെ..... സ്നേഹത്തിന്റെ വലിയ തുരുത്തുകളിലേക്ക്....................

സ്നേഹത്തോടെ സാമച്ചൻ.